# കൊല്ലം സിറ്റി പോലീസ് വാർത്തകൾ

13 ഒക്ടോബർ 2020

**Email** cpklm.pol@kerala.gov.in **Facebook** citypolicekollam **Twitter** KlmCityPolice **Website** kollamcity.keralapolice



ബൈക്ക് കത്തിച്ചും പോലീസിനെ ആക്രമിച്ചും ഭീതിപരത്തിയ യുവാവ് പിടിയിലായി



ബിയർകുപ്പി പൊട്ടിച്ച് കൂട്ടുകാരനെ കുത്തി കൊലപ്പെടുത്താൻ ശ്രമിച്ച യുവാവ് പിടിയിലായി

## ബൈക്ക് കത്തിച്ചും പോലീസിനെ ആക്രമിച്ചും ഭീതിപരത്തിയ യുവാവ് പിടിയിലായി



കൊല്ലം : പരവൂർ പൂക്കുളത്ത് മദ്യലഹരിയിൽ പോലീസിനെ ആ ക്രമിച്ച് പരിക്കേൽപ്പിച്ച യുവാവ് പോലീസ് പിടിയിലായി. കഴിഞ്ഞ രാത്രി പൂക്കുളത്ത് ഒരാൾ മദ്യപിച്ച് വീട്ടുകാരെ ഉപദ്രവിക്കുന്നുവെന്ന ഫോൺ സന്ദേശം അന്വേഷിക്കാനെത്തിയ പരവൂർ പോലീസിന്റെ എമർജൻസി റെസ് പോൺസ് സംഘമാണ് ആക്രമിക്കപ്പെട്ടത്. മദ്യലഹരിയിൽ വീട്ട് മുറ്റത്തിരുന്ന സ്വന്തം ബൈക്ക് കത്തിച്ച് യുവാവ് പരിസരവസികളിൽ ഭീതി പരത്തി. സ്ഥലത്തെത്തിയ പോലീസ് ബൈക്കിലെ തീയണക്കാൻ ശ്രമിച്ചപ്പോൾ മദ്യലഹരിയിൽ യുവാവ് അസഭ്യം വിളിച്ചു കൊണ്ട് പോലീസ് സംഘത്തെ ആക്രമിക്കുകയും പോലീസ് ജീപ്പിന് കേടുവരുത്തുകയും ചെയ്തു. കുറുമണ്ടൽ പൂക്കുളം പയറ്റുവിള വീട്ടിൽ രജേന്ദ്രൻ മകൻ മനീഷാണ് (28) പോലീസിനെ ആക്രമിച്ചത്. തുടർന്ന് പോലീസ് ആക്രമിയെ കീഴ്പ്പെടുത്തി. ഇയാളെ റിമാന്റ് ചെയ്തു. ആക്രമണത്തിൽ പരിക്കേറ്റ പ്രൊബേഷണറി എസ്.ഐ അഖിൽ ദേവ് എസ്സ്.ഐ സണ്ണോ എന്നിവർ ചികിത്സ തേടി. പരവൂർ ഐ.എസ്സ്.എച്ച്.ഓ ആർ. രതീഷ്, എസ്സ്.ഐ സണ്ണോ, പ്രോബേഷൻ എസ്സ്.ഐ അഖിൽദേവ്, എ.എസ്സ്.ഐ മാരായ ബിജൂ, വിനോദ് എന്നിവരടങ്ങിയ സംഘമാണ് പ്രതിയെ പിടികൂടിയത്.

## ബിയർകുപ്പി പൊട്ടിച്ച് കൂട്ടുകാരനെ കുത്തി കൊലപ്പെടുത്താൻ ശ്രമിച്ച യുവാവ് പിടിയിലായി

### കുത്തേറ്റ യുവാവ് അത്യാസന്ന നിലയിൽ



കൊല്ലം : പരവൂർ പുക്കുളത്ത് കൂട്ടുകാരനെ ബിയർകുപ്പി കൊണ്ട് ഗുരുതരമായി കുത്തി കൊലപ്പെടുത്താൻ ശ്രമിച്ചയാളെ പോലീസ് പിടികൂടി. ഗുരുതരമായി പരിക്കേറ്റ സുഹൃത്ത് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ. കഴിഞ്ഞ 11 ന് പകൽ പ്രതിയായ പൂക്കുളം എസ്സ്.എസ്സ്. മൻസിലിൽ ശിഹാബുദ്ദീൻ മകൻ ഷിബിനാഥ് (18) സുഹൃത്തായ നജിം എസ്സ് കലാമിനെ വീട്ടിൽ നിന്നും വിളിച്ചിറക്കി ഇയാളുടെ ബൈക്കിൽ പുക്കുളം ജംഗ്ഷനിലേക്കെന്ന് പറഞ്ഞ് കൊണ്ട് പോയത് മറ്റൊരു വഴിക്ക് പോകുന്നത് കണ്ട് ബൈക്കിൽ നിന്നും ഇറങ്ങിയ നജിമിനെ കൈയ്യിൽ കരുതിയിരുന്ന ബിയർകുപ്പി വച്ച് ഷിബിനാഥ് കുത്തി വീഴ്ത്തുകയായിരുന്നു. ഗുരുതരമായി പരിക്കേറ്റ നജിം തിരുവനന്തപുരം മെഡിക്കൽ കോളേജിൽ തീവ്രപരിചരണ വിഭാഗത്തിൽ രണ്ട് അടിയന്തര ശസ്ത്രക്രിയകൾക്ക് വിധേയനായി. ഇയാൾ ഇപ്പോഴും അതീവ ഗുരുതരാവസ്ഥയിലാണ്. സംഭവത്തിന് ശേഷം ഒളിവിൽ പോയ പ്രതി പുക്കുളത്തെ ആളൊഴിഞ്ഞ സുനാമി ഫ്ളാറ്റിന്റെ മുകളിൽ ഒളിവിൽ കഴിയുകയായിരുന്നു. പോലീസ് സംഘത്തെ കണ്ട് മതിൽ ചാടി രക്ഷപ്പെടാൻ ശ്രമിച്ച പ്രതിയെ പിൻതുടർന്ന് പിടികൂടി. പരവൂർ ഐ.എസ്സ്.എച്ച്.ഓ ആർ. രതീഷിന്റെ നേതൃത്തിൽ എസ്സ്.ഐ വിജയകുമാർ, എസ്സ്.ഐ അഷറഫ്, എ.എസ്സ്.ഐ ഹരിസോമൻ, എസ്സ്.സി.പി.ഓ മാരായ സജി, സായിറാം, സി.പി.ഓ ലേഖ എന്നിവരടങ്ങിയ പ്രത്യേക അന്വേഷണ സംഘമാണ് പ്രതിയെ പിടികൂടിയത്. ഇയാളെ റിമാന്റ് ചെയ്തു.


